# പതിമൂന്നാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 690 — 02/12/2014-ൽ മറുപടിക്ക്

## പട്ടികഗോത്ര വർഗ്ഗങ്ങളിലെ അമ്മമാർക്കും കുഞ്ഞുങ്ങൾക്കും പോഷകാഹാരം നൽകുന്നതിനുള്ള പദ്ധതി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. ഐ.സി. ബാലകൃഷ്ണൻ :<br>ശ്രീ. വി.പി. സജീന്ദ്രൻ :<br>ശ്രീ. വി.റ്റി. ബൽറാം :<br>ശ്രീ. റ്റി. എൻ. പ്രതാപൻ : | | കുമാരി. പി.കെ. ജയലക്ഷ്മി<br>(പട്ടികവർഗ്ഗ ക്ഷേമവും, യുവജനകാര്യവും, കാഴ്ചബംഗ്ളാവുകളും മൃഗശാലകളും വകുപ്പ് മന്ത്രി) | |
| (എ) | പട്ടികഗോത്ര വർഗ്ഗങ്ങളിലെ അമ്മമാർക്കും കുഞ്ഞുങ്ങൾക്കും പോഷകാഹാരം നൽകുന്നതിനുള്ള പദ്ധതി രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; | (എ) | പട്ടികവർഗ്ഗ അമ്മമാർക്കും കുഞ്ഞുങ്ങൾക്കും പോഷകാഹാരം നൽകുന്നതിന് 'ജനനി ജന്മരക്ഷ' എന്ന പദ്ധതി രൂപീകരിക്കുകയും നടപ്പിലാക്കുകയും ചെയ്തുവരുന്നു. |
| (ബി) | പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തൊക്കെയാണ്; | (ബി) | പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ഗർഭിണികളുടെയും കുട്ടികളുടെയും ആരോഗ്യ സംരക്ഷണം, പോഷകാഹാരം ലഭ്യമാക്കൽ എന്നിവയാണ് പദ്ധതിയുടെ ആത്യന്തിക ലക്ഷ്യം. |
| (സി) | പ്രസ്തുത പദ്ധതിയിലൂടെ എന്തെല്ലാം ആനുകൂല്യങ്ങളും സേവനങ്ങളുമാണ് ലഭിക്കുന്നത്; വിശദമാക്കുമോ; | (സി) | ഗർഭാവസ്ഥയുടെ 3 മാസം മുതൽ കുഞ്ഞിന് ഒരു വയസ് തികയും വരെ പ്രതിമാസം 1000/- രൂപാ നിരക്കിൽ പരമാവധി 18 മാസം ഗുണഭോക്താവിന് ധനസഹായം നൽകിവരുന്നു. പോസ്റ്റാഫീസുകൾ വഴി മണിയോർഡറായി ടി തുക എല്ലാ മാസവും ഗുണഭോക്താവിന് വിതരണം ചെയ്തു വരുന്നുണ്ട്. |
| (ഡി) | പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ? | (ഡി) | ആരോഗ്യ വകുപ്പുമായി സഹകരിച്ച് പട്ടികവർഗ്ഗ വികസന വകുപ്പ് നേരിട്ടാണ് പദ്ധതി നടപ്പാക്കുന്നത്. ഡോക്ടർ സാക്ഷ്യപ്പെടുത്തി നൽകുന്ന സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ ജില്ലാ ഓഫീസർമാർ മുഖേന ലഭ്യമാകുന്ന പട്ടിക പ്രകാരമുള്ള ഗുണഭോക്താക്കളായ പട്ടികവർഗ്ഗത്തിൽപ്പെട്ട എല്ലാ ഗർഭിണികൾക്കും മുലയൂട്ടുന്ന അമ്മമാർക്കുമാണ് പ്രതിമാസം 1000/- രൂപാ വീതം അനുവദിക്കുന്നത്. ടി പദ്ധതി സുഗമമായി നടപ്പിലാക്കുന്നതിന് ആവശ്യമായ സോഫ്റ്റ് വെയർ വികസിപ്പിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ